Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 20.3.2019
*Ref: 655/KCBC/K-6/KPR/DS*

# ചരിത്രവസ്തുത തമസ്കരിക്കാനുള്ള നടപടി അപലപനീയം

കൊച്ചി: ഒൻപതാം ക്ലാസിലെ എൻസിഇആർടി ചരിത്രപാഠപുസ്തകത്തിൽ കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ നിർണായക സ്വാധീനമുള്ള ചാന്നാർ സമരം പ്രതിപാദിക്കുന്ന വസ്ത്രധാരണത്തിന്റെ സാമൂഹ്യചരിത്രം ഉൾപ്പെടെ മൂന്ന് അധ്യായങ്ങൾ പാഠപുസ്തകത്തിൽനിന്നും പിൻവലിക്കാനുള്ള മാനവവിഭവശേഷി മന്ത്രിയുടെ നിർദേശം അപലപനീയമാണെന്ന് കെസിബിസി. ചരിത്രം അതിന്റെ തനിമയിൽ അറിയുവാനും പഠിക്കുവാനുമുള്ള വിദ്യാർഥികളുടെ അവകാശത്തെയാണ് ഇതുവഴി നിഷേധിക്കുന്നത്. കുട്ടികളുടെ പഠനഭാരം കുറയ്ക്കുവാനെന്ന വ്യാജേന നടത്തിയ ഈ നടപടി ചരിത്രസംഭവങ്ങളെ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളാൻ തയ്യാറാകാത്ത രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ മറ്റൊരു മുഖമായേ കാണാൻ പറ്റൂ. നവോത്ഥാനചരിത്രത്തിൽ ക്രൈസ്തവ മിഷണറിമാരുടെ സ്വാധീനത്തിൽ നടന്ന ചാന്നാർ മുന്നേറ്റമുൾപ്പെടെയുള്ള പാഠഭാഗങ്ങൾ ഒഴിവാക്കുന്നതിലൂടെ ഈ രംഗത്തുള്ള ക്രൈസ്തവ സംഭാവനകളെ തമസ്കരിക്കാനുള്ള നീക്കം കൂടിയാണിതെന്നു സംശയിക്കുന്നു. മനുഷ്യനെ മൃഗങ്ങളെപ്പോലെ സ്വന്തമാക്കി വയ്ക്കാനും പണിയെടുപ്പിക്കാനും ശിക്ഷിക്കാനും അധികാരമുണ്ടെന്നു കരുതിയ സവർണ ജന്മിത്തത്തിനെതിരേ ഒരു ജനവിഭാഗം തങ്ങളുടെ ശരീരത്തിന്മേലുള്ള സ്വയംനിർണയാവകാശം സ്വയം പ്രഖ്യാപിച്ച വിപ്ലവകരമായ മുന്നേറ്റമായിരുന്നു ചാന്നാർ സമരം. മനുഷ്യന്റെ അന്തസ്സ് അവനിൽത്തന്നെയാണ് കുടികൊള്ളുന്നതെന്നും, അത് നിഷേധിക്കാൻ മേലാളർക്കോ മതാചാരങ്ങൾക്കോ അധികാരമില്ലെന്നും പ്രഖ്യാപിച്ച ചരിത്രസംഭവമായിരുന്നു 'ചാന്നാർ ലഹള'യെന്നതും പുതുതലമുറ അറിയേണ്ടതാണ്. ദേശീയതലത്തിൽ വിദ്യാഭ്യാസ വിദഗ്ധർ ഉൾപ്പെടുന്ന പാഠപുസ്തകസമിതി വിശദമായി പഠിച്ചു തയ്യാറാക്കിയ ഈ പാഠഭാഗങ്ങൾ ഏകപക്ഷീയമായി ഒഴിവാക്കാനുള്ള തീരുമാനം പിൻവലിക്കണമെന്ന് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ടിന്റെ അധ്യക്ഷതയിൽ കൂടിയ കെസിബിസി വിദ്യാഭ്യാസ കമ്മീഷന്റെയും ഐക്യ ജാഗ്രതാ കമ്മീഷന്റെയും സംയുക്ത യോഗം ആവശ്യപ്പെട്ടു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി.എസ്.റ്റി**
സെക്രട്ടറി
കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

**ഫാ. ജോസ് കരിവേലിക്കൽ**
സെക്രട്ടറി
കെസിബിസി വിദ്യാഭ്യാസകമ്മീഷൻ

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com